| 19-01-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ - കാര്യവ്യവഹാരം ചെയ്തു കൊണ്ടും ബുദ്ധിയോഗം ഒരു ബാബയോട് ചേർക്കണം, ഇതാണ് സത്യമായ യാത്ര, ഈ യാത്രയിൽ ഒരിക്കലും ക്ഷീണിക്കരുത്.

**ചോദ്യം:-** ബ്രാഹ്മണ ജീവിതത്തിൽ ഉന്നതിക്കു വേണ്ടി ഏതൊരു കാര്യത്തിന്റെ ബലം ഉണ്ടായിരിക്കണം?
**ഉത്തരം:-** അനേകം ആത്മാക്കളുടെ ആശീർവ്വാദത്തിന്റെ ബലം ഉന്നതിക്കുള്ള മാർഗ്ഗമാണ്. എത്രത്തോളം അനേകരുടെ മംഗളം ചെയ്യുന്നോ, എന്തെല്ലാം ജ്ഞാന രത്നങ്ങൾ ബാബയിൽ നിന്നും ലഭിച്ചിട്ടുണ്ടോ, അതിന്റെ ദാനം ചെയ്താൽ അത്രത്തോളം അനേകം ആത്മാക്കളുടെ ആശീർവ്വാദം ലഭിക്കും. ബാബ കുട്ടികൾക്ക് നിർദേശം നൽകുകയാണ് കുട്ടികളേ ധനം ഉണ്ടെങ്കിൽ സെന്റർ തുറന്നു കൊണ്ടിരിക്കണം. ഹോസ്പിറ്റൽ കം യൂണിവേഴ്സിറ്റി തുറക്കണം. ഇതിൽ ആരുടെയെല്ലാം മംഗളമുണ്ടാകുന്നോ അവരുടെയെല്ലാം ആശീർവ്വാദം ലഭിക്കും.

**ഗീതം:-** രാത്രിയിലെ യാത്രക്കാരാ ക്ഷീണിക്കരുത്....

**ഓം ശാന്തി**. ഗീതത്തിന്റെ അർത്ഥം കുട്ടികൾക്ക് സ്വയം തന്നെ തന്റെ ബുദ്ധിയിലേക്ക് വരണം. ഇപ്പോൾ നമ്മൾ എല്ലാവരും ആത്മീയ വഴികാട്ടികളാണ്. ഭഗവാനാകുന്ന ബാബയുടെ അടുത്തേക്ക് ആത്മാക്കൾക്ക് പോകണം. ജീവാത്മാക്കൾക്ക് പോകണം എന്ന് പറയാറില്ല. ജീവാത്മാക്കൾക്ക് ശരീരത്തെ ഉപേക്ഷിച്ച് തിരിച്ച് പോകണം. മനുഷ്യൻ മരിക്കുമ്പോൾ പറയാറുണ്ട് അവർ വൈകുണ്ഠവാസിയായി മാറി എന്ന്. പക്ഷെ നിങ്ങൾക്ക് അറിയാം - നല്ലതും മോശവുമായ സംസ്ക്കാരങ്ങൾക്ക് അനുസരിച്ച് പുനർജന്മം എടുക്കേണ്ടി വരും. മോശമായ സംസ്ക്കാരങ്ങളുടെ കാരണത്താലാണ് ശിരസ്സിൽ പാപത്തിന്റെ ഭാരം വർദ്ധിച്ചിരിക്കുന്നത്. ഈ ജന്മത്തിന്റേയും അഥവാ ജന്മജന്മാന്തരങ്ങളിലെ ഭാരമാണ് ഉള്ളത്. അതെല്ലാം ഇപ്പോൾ യോഗബലത്തിലൂടെ നിങ്ങൾക്ക് ഭസ്മമാക്കണം. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്ക് അറിയാം നാം വഴികാട്ടികളാണ്. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ടും ജോലികളെല്ലാം ചെയ്തുകൊണ്ടും നമ്മുടെ ബുദ്ധിയോഗം ബാബയുടെ കൂടെയാണ് അതിനാൽ നമ്മൾ യാത്രയിലാണ്. ഇതിൽ ക്ഷീണിക്കരുത്, വളരെ പുരുഷാർത്ഥം വേണം. ജ്ഞാനം വളരെ സഹജമാണ്. പ്രാചീന ഭാരതത്തിന്റെ യോഗത്തിന് വളരെ മഹിമയുണ്ട്. പക്ഷെ ഗീത പഠിപ്പിച്ചു കൊടുക്കുന്നവർ ഒരിക്കലും ശിവബാബയാണ് യോഗം പഠിപ്പിച്ചത് എന്ന് പറഞ്ഞു കൊടുക്കുന്നില്ല. ഗീതയിൽ കാണിക്കുന്നത് കൃഷ്ണൻ അർജുനന് കേൾപ്പിക്കുന്നതായിട്ട് ആണ്. ഇങ്ങനെയുള്ള കാര്യമില്ല. ഇവിടെ മനുഷ്യനിൽ നിന്നും ദേവതയാകണം അതോടൊപ്പം തീർച്ചയായും പാണ്ഡവ സേനയുണ്ട്. പാണ്ഡവ സേനക്കാണ് ജ്ഞാനം ലഭിക്കുന്നത് അതോടൊപ്പം ഈ ജ്ഞാനം നൽകി കൊണ്ടിരിക്കുന്നത് പാണ്ഡവ പതിയാണ്. മനുഷ്യർക്ക് ഒന്നും അറിയില്ല. മുന്നോട്ട് പോകവെ എല്ലാവരും പറയും 5000 വർഷങ്ങൾക്ക് മുമ്പ് ഭഗവാൻ ഗീതയുടെ ജ്ഞാനം നൽകിയിരുന്നു. പക്ഷെ ആരാണ് നൽകിയത് എന്നത് അറിയില്ല. കല്പത്തിന്റെ ആയുസ്സിനെ കുറിച്ചും ഒന്നും അറിയില്ല. തന്റെ തന്റെ അഭിപ്രായം പറഞ്ഞു കൊണ്ടിരിക്കും - ഗാന്ധി ഗീതാ, ടാഗോർ ഗീതാ എന്നെല്ലാം പേര് വെക്കുന്നുണ്ട്, അർജ്ജുനന് വേണ്ടി കൃഷ്ണ ഭഗവാനുവാചാ എന്നാണ് പറയുന്നത്. യുദ്ധവും കാണിക്കുന്നുണ്ട്. പക്ഷെ യുദ്ധത്തിന്റെ കാര്യമൊന്നുമില്ല. ഇവിടെ നിങ്ങൾക്ക് യോഗബലത്തിന്റെ കാര്യമാണ്. അവിടെ യുദ്ധത്തിന്റെ പേരാണ് എഴുതിയിരിക്കുന്നത്. ഏതുപോലെയാണോ ചന്ദ്ര വംശിയായ രാമന് അമ്പും വില്ലും കാണിച്ചിട്ടുണ്ടല്ലോ. വാസ്തവത്തിൽ ജ്ഞാനമാകുന്ന ബാണത്തിന്റെ കാര്യമാണ് ഇവിടെ. അത് ആത്മാവ് തോറ്റു പോയതിന്റെ അടയാളമാണ് ബാണം കാണിച്ചിരിക്കുന്നത്. അതിനാൽ ത്രേതായുഗി രാമന്റെയും സീതയുടേയും ചിത്രം നൽകിയിരിക്കുന്നു. രാജവംശമല്ലേ. സൂര്യവംശി കുലം ചന്ദ്രവംശി കുലം. ഗീതയിലാണെങ്കിൽ ഇങ്ങനെയുള്ള കാര്യമൊന്നും എഴുതിയിട്ടില്ല ഭഗവാൻ ഗീത കേൾപ്പിച്ച് സൂര്യവംശി ചന്ദ്രവംശിയുടെ സ്ഥാപന ചെയ്തു. ഇത് തീർച്ചയാണ് ഗീതയാണ് ആദി സനാതന ദേവി ദേവതാ ധർമ്മത്തിന്റെ ശാസ്ത്രം. അവരാണെങ്കിൽ സ്വയത്തെ ഹിന്ദു എന്നാണ് പറയുന്നത്, സ്വയം അപവിത്രമായതു കൊണ്ട് സ്വയത്തെ ആദി സനാതന ദേവി ദേവതാ ധർമ്മത്തിലേതാണ് എന്ന് പറയാൻ സാധിക്കില്ല. ഇങ്ങനെ പറയുന്നുണ്ട് അസത്യമായ മായ, അസത്യമായ ശരീരം എന്നെല്ലാം, ഇത് ശരിയാണ്. അസത്യഖണ്ഡത്തിൽ അസത്യം ഉള്ളവരായിരിക്കും വസിക്കുക. സത്യഖണ്ഡത്തിൽ സത്യം മാത്രമാണ്. സത്യഖണ്ഡം സ്ഥാപന ചെയ്യുന്ന ബാബ സത്യം പറഞ്ഞു തരുകയാണ്. ഭാരതത്തിൽ ഉള്ളവർ പൂജ്യരായിരുന്നു അവർ തന്നെ ഇപ്പോൾ പൂജാരിയായി മാറി. ആരാണോ പൂജ്യരായിരുന്നത് അവരുടെ പൂജ ചെയ്തു കൊണ്ടിരിക്കുന്നു. ആരാണോ പൂജ്യ കുലത്തിൽ ഉണ്ടായിരുന്നവർ അവർ പൂജാരിയായി.

അതുകൊണ്ട് പാടാറുണ്ട് അങ്ങു തന്നെ പൂജ്യൻ അങ്ങ് തന്നെ പൂജാരി. പൂജ്യ രാജവംശമായിരുന്നു. ഇപ്പോൾ കലിയുഗത്തിൽ പൂജാരി, ശൂദ്ര രാജവംശമാണ്. സൂര്യവംശി കുലവുമുണ്ട്, ചന്ദ്രവംശി കുലവുമുണ്ട്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം ഭാരതം ഇങ്ങനെയായിരുന്നു. സത്യയുഗത്തിൽ ഭാരതം സമ്പന്നമായിരുന്നു. ഈ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും ആർക്കും അറിയില്ല. ഈ വർണ്ണങ്ങളെ കുറിച്ചും തീർച്ചയായും മനസ്സിലാക്കി കൊടുക്കണം. നമ്മൾ ഉയർന്നതിലും ഉയർന്ന ബ്രാഹ്മണരാണ്, ഇതിനെ പുതിയ ഉയർന്ന കുലം എന്നാണ് പറയുക. വിവാഹത്തിന് മുമ്പ് കുലം നോക്കാറുണ്ടല്ലോ. അതിനാൽ നിങ്ങളുടേത് വളരെ ഉയർന്ന കുലമാണ്. ലൗകിക ബ്രാഹ്മണർ ധാരാളമുണ്ട് പക്ഷെ സംഗമത്തിലെ ബ്രഹ്മാവിന്റെ സന്താനങ്ങളാണ് ബ്രാഹ്മണ കുലത്തിലേതായി മാറുന്നത്. അവർക്ക് ഇതൊന്നും അറിയില്ല, ഇതെല്ലാം പുതിയ കാര്യമല്ലേ. മനുഷ്യർ മനസ്സിലാക്കുന്നത് വേണമെങ്കിൽ ഇവർ ഇവരുടെ പുതിയ ഗീത ഉണ്ടാക്കിയതായിരിക്കും. ഇത് നിങ്ങൾക്ക് അറിയാം ബാബ രാജയോഗമാണ് അഭ്യസിപ്പിക്കുന്നത്. നമ്മൾ ദേവതകളായി മാറുകയാണ്. നമ്മൾ രാജധാനിയുടെ സ്ഥാപന ചെയ്യുകയാണ്, ഇങ്ങനെ വേറെയാർക്കും പറയാൻ കഴിയുകയില്ല. അവരാണെങ്കിൽ കഴിഞ്ഞു പോയ കാര്യങ്ങളെ കഥയുടെ രൂപത്തിൽ കേൾപ്പിക്കുകയാണ് ചെയ്യുന്നത്. ഒരു ദിവസം സ്നാനം ചെയ്തതു കൊണ്ട് പാവനമായി മാറും എന്നുമല്ല. ഇവിടെ നമ്മൾ ഗീതയുടെ മഹിമയാണ് ചെയ്യുന്നത്. അപ്പോൾ മനുഷ്യർ മനസ്സിലാക്കുകയും ചെയ്യും അതായത് ഇവർ ഗീതയെ അംഗീകരിക്കുന്നവരാണ്. നിങ്ങൾക്ക് അറിയാം അത് ഭക്തി മാർഗ്ഗത്തിലെ ഗീതയാണ്. പക്ഷെ ആരാണോ ഗീത കേൾപ്പിച്ചത്, ബാബയിൽ നിന്നും ഇപ്പോൾ നേരിട്ട് കേട്ടു കൊണ്ടിരിക്കുകയാണ്. വാനര സൈന്യം വളരെ പ്രശസ്തമാണ്.  ചിത്രത്തിൽ കാണിക്കുന്നുണ്ട് വ്യർത്ഥം കേൾക്കരുത്, വ്യർത്ഥം കാണരുത്.......ഇപ്പോൾ വാനരനെ ഇങ്ങനെ കാണിക്കാറില്ലല്ലോ. തീർച്ചയായും മനുഷ്യർക്ക് വേണ്ടിയാണ്.മുഖം മനുഷ്യന്റേതാണ് എങ്കിലും ബുദ്ധി വാനരന്റേതാണ് അതിനാൽ മനുഷ്യരാകുന്ന വാനരൻമാരോട് പറയുന്നു - മോശമായത് കേൾക്കരുത്, ചെവി അടയ്ക്കൂ എന്നെല്ലാം.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് പഴയ ശരീരമാണ് അതിനാൽ എന്തെങ്കിലും എന്തെങ്കിലും ഉണ്ടായി കൊണ്ടിരിക്കും. ആരുടെയെങ്കിലും സ്ത്രീ മരിക്കുകയാണെങ്കിൽ പറയും പഴയ ചെരുപ്പ് പോയി, ഇനി പുതിയത് വാങ്ങാം. ശിവബാബക്ക് വേണ്ടത് പഴയ ചെരുപ്പാണ്. പുതിയ ചെരുപ്പ് അർത്ഥം പുതിയ ശരീരം അതിലേക്ക് വരേണ്ട ആവശ്യമില്ല. ആരാണോ പുതിയതിലും പുതിയതായിരുന്നത് അവരാണ് ഇപ്പോൾ പഴയവരായത്. ബാബ പറയുകയാണ് നമ്പർ വണ്ണായി 84 ജന്മങ്ങൾ എടുത്തതും ഇവരാണ്. അതിനാൽ നമ്പർവൺ പാവനവും സർവ്വഗുണ സമ്പന്നവുമായിരുന്നു....അവർക്കും പതിതമാകേണ്ടി വന്നു, അപ്പോഴല്ലേ പാവനമാവുകയുള്ളൂ. 84 ജന്മങ്ങളുടെ കണക്കാണല്ലോ. അങ്ങു തന്നെയാണ് പൂജ്യനും.... അതേ  ശ്രീ നാരായണൻ എപ്പോഴാണോ സ്വയം പൂജാരിയാകുന്നത് അപ്പോൾ നാരായണന്റെ പൂജ ചെയ്തു. അത്ഭുതമല്ല. അന്തിമ ജന്മത്തിൽ പോലും ലക്ഷ്മി നാരായണന്റെ പൂജ ചെയ്തിരുന്നു. എന്നാൽ ലക്ഷ്മി ദാസിയായി മാറി നാരായണന്റെ പാദം തടവി കൊടുക്കുന്ന ചിത്രം ഇഷ്ടപ്പെട്ടില്ല. അപ്പോഴാണ് ലക്ഷ്മിയുടെ ചിത്രത്തെ മാറ്റി കേവലം നാരായണന്റെ ചിത്രം വെച്ചത്. ആ ആത്മാവാണ് പിന്നീട് പൂജാരിയിൽ നിന്നും പൂജ്യനായത്, തതത്ത്വം. കേവലം ഒരാളെ അല്ല പറയുക. സത്യയുഗത്തിൽ കുട്ടികൾ ജനിച്ചാൽ അവരും രാജകുമാരൻമാരും രാജകുമാരിമാരും ആയിരിക്കുമല്ലോ. തിരിച്ച് വീട്ടിലേക്ക് കൊണ്ടു പോകുന്നതിന് ബാബ നിങ്ങളെ അലങ്കരിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ  സ്വർഗ്ഗത്തിന്റെ അധികാരികളായി മാറുകയാണ്. പുനർജന്മം സത്യയുഗത്തിൽ ലഭിക്കും. ഇപ്പോൾ സ്ഥാപന നടന്നു കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അറിയാം തീർച്ചയായും ഇങ്ങനെയുള്ള ഒരിക്കലും ഇളകാത്ത, അഖണ്ഡമായ, സുഖശാന്തിയുടെ രാജ്യമുണ്ടായിരുന്നു. നിങ്ങൾക്ക് എല്ലാവർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും നമ്മൾ രാജയോഗം പ്രായോഗികമായി അഭ്യസിക്കുന്നവരാണ്. ചിലർ പറയുന്നുണ്ട് ഞങ്ങൾ ഇന്ന സന്യാസിയുടെ അടുത്തേക്ക് പോയി, ഞങ്ങൾക്ക് വളരെ ശാന്തി ലഭിച്ചു എന്നാൽ ഇതെല്ലാം അല്പകാലത്തെ ക്ഷണഭംഗുരമായ ശാന്തിയാണ്. ഒരു പക്ഷേ 10-20 പേർക്ക് ലഭിക്കും. ഇവിടെയാണെങ്കിൽ ലോകത്തിന്റെ ചോദ്യമാണ്. സത്യം സത്യമായ ശാന്തി സത്യയുഗത്തിലാണ് ലഭിക്കുക. ആരാണോ ഒന്നാനമ്മയുടെ കുട്ടികൾ അവർ കല്പം മുമ്പത്തേതു പോലെ തന്റെ പുരുഷാർത്ഥം ചെയ്യുന്നുണ്ട്. ചില ചില ഗോപികമാർക്ക് വീട്ടിലിരിക്കുമ്പോൾ ഒരു തവണ ജ്ഞാനം ലഭിച്ചാൽ അളവില്ലാത്ത സന്തോഷം വർദ്ധിക്കാറുണ്ട്.ഇന്നലെ ഒരു യുഗിൾ ബാബയുടെ അടുത്ത് വന്നിരുന്നു, ബാബ മനസ്സിലാക്കി കൊടുത്തു-കുട്ടികളെ നിങ്ങൾ ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടുകയില്ലേ. അരകല്പം നരകത്തിൽ മുങ്ങി താണ് ദുഖികളായി മാറിയിരിക്കുകയല്ലേ, ഇപ്പോൾ ഒരു ജന്മം വിഷം ഉപേക്ഷിക്കാൻ സാധിക്കുകയില്ലേ? സ്വർഗ്ഗത്തിന്റെ അധികാരികളാകുന്നതിന് പവിത്രമാവുകയില്ലേ. പറഞ്ഞു - ബുദ്ധിമുട്ടാണ്. ബാബ പറഞ്ഞു കാമചിതയിൽ ഇരിക്കുന്നതിനാണ് ഭൗതികമായ ബ്രാഹ്മണർക്ക് നിങ്ങളുടെ വസ്ത്രത്തെ കൂട്ടി കെട്ടിയത്, മോതിരം അണിയിച്ചത്. ഇവിടെയുള്ളത് ബാപ്ദാദയാണ്.

പരിധിയില്ലാത്ത ബാബ പറയുകയാണ് കുട്ടികളെ നിങ്ങൾ പവിത്രമായി മാറിയിട്ടില്ലെങ്കിൽ സ്വർഗ്ഗത്തിലേക്ക് എങ്ങനെ പോവും. ഈ അന്തിമ ജന്മത്തിൽ പവിത്രമായി മാറാതിരിക്കുകയാണെങ്കിൽ നിങ്ങളുടെ രാജ്യാധികാരം നഷ്ടപ്പെടും. ഇത്രയും കുറച്ചു സമയം പോലും നിങ്ങൾക്ക് പവിത്രമായി കഴിയാൻ സാധിക്കുകയില്ലേ. ബാബ ജ്ഞാന യോഗത്തിലൂടെ നിങ്ങളുടെ അലങ്കാരം ചെയ്യുകയാണ്. നിങ്ങൾ ഇതുപോലെ ലക്ഷ്മി നാരായണനാകും. അഥവാ ബാബ പറയുന്നത് അംഗീകരിച്ചില്ലെങ്കിൽ അവരെ പോലെ മഹാവിഡ്ഢികൾ ഈ ലോകത്തിൽ വേറെയാരും ഉണ്ടാകില്ല. ഒരു കൂട്ടർ പരിധിയുള്ള വിഡ്ഢികളാണ്, മറ്റൊരു കൂട്ടർ പരിധിയില്ലാത്ത വിഡ്ഢികളാണ്. ഇവിടെ വായുമണ്ഡലത്തെ മോശമാക്കുന്നവർക്ക് ഇരിക്കാൻ സാധിക്കുകയില്ല. ഹംസങ്ങളുടെ സഭയിൽ അഴുക്കുള്ളവർക്ക് ഇരിക്കാൻ സാധിക്കില്ല. ബാബ എത്ര അലങ്കാരം ചെയ്ത് ലക്ഷ്മീ നാരായണനെ പോലെ ആക്കി മാറ്റുകയാണ് അതോടൊപ്പം മായ വീണ്ടും തീർത്തും അഴുക്ക് നിറഞ്ഞവരും കാലണക്കു പോലും വിലയില്ലാത്തവരുമാക്കി മാറ്റുന്നു. ചിലരുടെ അടുത്ത് 50 കോടി ഉണ്ടാകും എന്നാലും കാലണക്ക് വിലയില്ലാത്തവരാണ്. എന്തുകൊണ്ടെന്നാൽ ഇതെല്ലാം ഭസ്മമാകാനുള്ളതാണ്. സത്യമായ സമ്പാദ്യം മാത്രമെ കൂടെ വരികയുള്ളൂ.

ബാബ നിർദേശം നൽകുകയാണ് കുട്ടികളേ സേവാകേന്ദ്രങ്ങൾ തുറക്കണം. മനുഷ്യരുടെ അലങ്കാരം ചെയ്യണം. എന്നാൽ യൂണിവേഴ്സിറ്റി അടോതൊപ്പം ആശുപത്രി തുറക്കുന്നവരും നല്ലവരായിരിക്കണം, മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം അഥവാ തുറന്നു കൊടുക്കുകയാണെങ്കിൽ മറ്റാരെങ്കിലും വന്ന് മനസ്സിലാക്കി കൊടുക്കുകയും ചെയ്യും. അപ്പോൾ ആശീർവ്വാദം കൊണ്ട് സ്വയത്തെ നിറക്കാം. ശക്തി കിട്ടുന്നുണ്ടല്ലോ.21 ജന്മങ്ങളിലേക്ക് പ്രയോജനം ഉണ്ടാകും. ബാബയുടെ ശ്രീമത്തിലൂടെ നടക്കാൻ കഴിയാത്ത ആരെങ്കിലും ഉണ്ടാകുമോ. ഓരോ ചുവടിലും ബാബയുടെ ശ്രീമത്തിലൂടെ നടക്കണം. വിഘ്നങ്ങൾ വരുക തന്നെ ചെയ്യും. ബന്ധനത്തിലുള്ള മാതാക്കൾക്ക് എത്ര സഹിക്കേണ്ടി വരുന്നു, ഇതിൽ നിർഭയരായി മാറണം. ബാബയുടെ മഹിമയാണ്-നിർഭയനാണ്, ആരോടും വൈരാഗ്യം ഇല്ലാത്തവനാണ്... ബാബ അലങ്കാരം ചെയ്തുകൊണ്ടിരിക്കുന്നു അതിനാൽ ബാബ ചെയ്യുന്ന സേവനത്തെ സ്വീകരിക്കണം. ബാബ ആങ്ങയുടെ ശ്രീമത്തിലൂടെ എങ്ങനെ നടക്കാതിരിക്കും. ഞങ്ങൾക്ക് ഇതിലൂടെ വളരെ മംഗളം ഉണ്ടാകും. ഞങ്ങളോടൊപ്പം മക്കൾക്കും ഇതിലൂടെ മംഗളം ഉണ്ടാകും. ഓരോരുത്തർക്കും സത്യമായ യാത്ര ചെയ്യാനുള്ള വഴി പറഞ്ഞു കൊടുക്കണം. വഴക്ക് ഉണ്ടാകും, പാവങ്ങളായ അമ്മമ്മാർക്ക് സഹിക്കേണ്ടി വരും. അംഗീകരിക്കുന്നില്ലെങ്കിൽ മനസ്സിലാക്കിക്കോള്ളൂ ഇവർ നമ്മുടെ കുലത്തിലേതല്ല. പരിശ്രമം ചെയ്യണം. അവിടെ നിന്നും നമ്മുടെ കുലത്തിൽ വരണം പിന്നെ പ്രജയായി മാറാനുള്ള യോഗ്യതയെങ്കിലും നേടണം. മറ്റുള്ളവരെ പ്രജയാകുന്നതിന് യോഗ്യരാക്കുന്നതും നല്ലതാണ്. പ്രജകളേയും ഉണ്ടാക്കണമല്ലോ. മനുഷ്യരിൽ നിന്നും ദേവതയാക്കുക, ഈ കാര്യം ബാബയ്ക്കല്ലാതെ മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. ഉയർന്നതിലും ഉയർന്ന ബ്രാഹ്മണർ നിങ്ങളാണ്. അവർ താഴ്ന്നതിലും താഴ്ന്നവരാണ്, നിങ്ങൾ ഹംസവും അവർ കൊറ്റിയുമാണ്. അതിനാൽ തീർച്ചയായും വഴക്ക് ഉണ്ടാകും. അത്യാചാരം ഉണ്ടാകും. മായയകുന്ന രാവണൻ നിങ്ങളെ മോശമാക്കി, ബാബ വന്ന് വീണ്ടും നല്ലവരാക്കുകയാണ്. പവിത്രമാക്കി മാറ്റുകയാണ്. അവസാനം ചക്രവർത്തി പദവി നിങ്ങൾക്ക് ലഭിക്കും. യുദ്ധത്തിനു ശേഷം ഭാരതം ധനവാനായി മാറും, അവർക്ക് അറിയില്ല മഹാഭാരത യുദ്ധത്തിനു ശേഷം ഭാരതം സ്വർഗ്ഗമാകും. അതിനാൽ നിങ്ങൾ കുട്ടികൾ വളരെ നല്ല പുരുഷർത്ഥം ചെയ്യണം. നല്ല രീതിയിൽ പ്രഭാഷണം ചെയ്യണം. ശംഖധ്വനി മുഴക്കണം. ഇല്ലെങ്കിൽ ആളുകൾ പറയും ഇവരുടെ കൈയിൽ ശംഖൊന്നും ഇല്ല. കമല പുഷ്പ സമാനമാകണം, ചക്രവുമുണ്ട് പക്ഷെ ശംഖില്ല. ബാബ പറയുകയാണ് ജ്ഞാന യുക്തമായി ജീവിക്കുന്നവരെ എനിക്കു പ്രിയമാണ്. ഗോപികമാർ ലഹരിയോടെ മുരളി കേൾക്കുമായിരുന്നു. കൃഷ്ണനല്ല മുരളി കേൾപ്പിച്ചത്. ഇത് ശ്രീകൃഷ്ണന്റെ ആത്മാവിന്റെ അന്തിമ ജന്മം. ആരാണോ ചക്രം കറങ്ങി വന്നത്, ഇപ്പോൾ ഇവർക്കും ജ്ഞാനം ലഭിച്ചു. നിങ്ങൾക്ക് അറിയാം ഇതാണ് പഴയ ലോകം, ഇതിനെ യാത്ര അയക്കണം. അഥവാ യാത്ര ചോദിച്ചിട്ടില്ലെങ്കിൽ പുതിയ ലോകവുമായി യോഗം വെക്കില്ല. രാവണന്റെ ലോകത്തിൽ 63 ജന്മങ്ങളായി ദുഖം അനുഭവിക്കുകയായിരുന്നു. ഇപ്പോൾ ഇതിനെ യാത്ര അയക്കണം. ദേഹസഹിതം എന്തെല്ലാം ഉണ്ടോ അതിനെല്ലാം യാത്ര അയക്കണം പിന്നെ നിങ്ങൾ ഒറ്റയ്ക്ക് ആത്മാവായി എന്റെ അടുത്തേക്ക് വരും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ജ്ഞാന യുക്ത ആത്മാവായി ശംഖധ്വനി ചെയ്യണം. ഓരോരുത്തരേയും സത്യമായ യാത്ര പഠിപ്പിക്കണം. തന്റെ പ്രജകളെ തയ്യാറാക്കണം.

2) ബുദ്ധിയിൽ നിന്ന് പഴയ ലോകത്തിന് വിട നൽകണം, ബുദ്ധിയോഗം പുതിയ ലോകത്തോടൊപ്പം വയ്ക്കണം. നിർഭയരായി മാറണം, വൈരാഗ്യമില്ലാത്തവരായി മാറണം.

## വരദാനം:- വ്യക്ത ഭാവത്തിന്റെ ആകർഷണത്തിൽ നിന്ന് ഉപരി അവ്യക്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്ന സർവ്വ ബന്ധന മുക്തരായി ഭവിക്കൂ

പ്രവൃത്തയിൽ കഴിഞ്ഞുകൊണ്ടും ബന്ധനമുക്തമാകുന്നതിന് വേണ്ടി സങ്കൽപത്തിലൂടെ പോലും ഒരു സംബന്ധത്തിൽ, തന്റെ ശരീരത്തിൽ, പദാർത്ഥത്തിൽ കുടുങ്ങരുത്. സങ്കൽപത്തിൽ പോലും ഒരു ബന്ധനവും ആകർഷിക്കരുത് എന്തുകൊണ്ടെന്നാൽ സങ്കൽപത്തിൽ വരികയാണെങ്കിൽ പിന്നീട് കർമ്മത്തിലേക്കും വരും അതുകൊണ്ട് വ്യക്ത ഭാവത്തിൽ വന്നുകൊണ്ടും, വ്യക്ത ഭാവത്തിന്റെ ആകർഷണത്തിൽ വരരുത്, അപ്പോൾ മാത്രമേ വേറിട്ടതും പ്രിയപ്പെട്ടതുമായ അവ്യക്ത സ്ഥിതിയുടെ അനുഭവം ചെയ്യാൻ സാധിക്കൂ.

## സ്ലോഗൻ:- ബാബയുടെ ആശ്രയത്തിന്റെ അനുഭവം ചെയ്യണമെങ്കിൽ പരിധിയുള്ള തീരങ്ങളുടെ ആശ്രയം ഉപേക്ഷിക്കൂ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ :** പരമാത്മാ സ്നേഹത്തിൽ സദാ ലൗലീനം, മുഴുകി കഴിയൂ എങ്കിൽ മുഖത്തിന്റെ തിളക്കവും പ്രകാശവും, അനുഭൂതിയുടെ കിരണങ്ങളും ഇത്രയും ശക്തിശാലിയായിരിക്കും അതിലൂടെ ഒരു സമസ്യയ്ക്കും സമീപത്ത് വരുന്നത് പോകട്ടെ എന്നാൽ കണ്ണുകൊണ്ട് നോക്കാൻ പോലും സാധിക്കില്ല. ഒരു പ്രകാരത്തിലുള്ള പരിശ്രമവും അനുഭവപ്പെടില്ല.